"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ശ്രീ.പ്രദീപ്.എ.വി - യ്ക്ക് കെ.എസ് &എസ്.എസ്.ആർ ചട്ടം 8 പ്രകാരം മാതൃവകുപ്പിൽ പുന:നിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.484/2024/HEDN തീയതി, തിരുവനന്തപുരം, 23-04-2024

---

പരാമർശം:-

1. 18.02.1981 - ലെ GO(P) 48/81/GAD നമ്പർ ഉത്തരവ്.
2. സ.ഉ.(സാധാ) നം. 1608/2023/ഉ.വി.വ തീയതി 30.10.2023
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള ബ്രാഞ്ച് കോട്ടയത്തിന്റെ 03.01.2024 - ലെ GE10/G/CEP-390/3005132/658 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ഗവ.കോളേജിൽ ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സേവനത്തിൽ തുടർന്നിരുന്ന ശ്രീ.പ്രദീപ് എ.വി., കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചതിനെ തുടർന്ന് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും 01.08.2022 - ൽ വിട്ടുതൽ ചെയ്തിരുന്നു.വ്യക്തിപരമായ കാരണങ്ങളാൽ മാതൃ വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ടിയാൻ അപേക്ഷ സമർപ്പിക്കുകയും, ടിയാന് സ്ഥിരീകരണം നൽകിയിട്ടില്ലെന്ന് കൊച്ചിൻ യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിരുന്ന സാഹചര്യത്തിലും,കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുകൾ നിലനിന്നിരുന്ന സാഹചര്യത്തിലും, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 8 - ന് കീഴിലെ കുറിപ്പ് 3 പ്രകാരം, ടിയാന് കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്ക് പുനഃനിയമനം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2. ടി ഉത്തരവിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ട് അക്കൗണ്ടന്റ് ജനറൽ പരാമർശം (3) പ്രകാരം കത്ത് ലഭ്യമാക്കിയിരുന്നു.

3. പ്രസ്തുത സാഹചര്യത്തിൽ ടിയാന് മാതൃവകുപ്പിലേക്ക് പുന:നിയമനം നൽകിയ വിഷയം സർക്കാർ വിശദമായി പുനഃപരിശോധിക്കുകയുണ്ടായി.

4. കേന്ദ്ര സർക്കാരിലേക്കോ മറ്റു സംസ്ഥാന സർക്കാർ സർവ്വീസിലേക്കോ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലോ സംസ്ഥാന സർക്കാരിനു കീഴിലുള്ള യൂണിവേഴ്സിറ്റികളിലോ ജോലി നേടിപ്പോയതിന് ശേഷം തിരികെ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കാൻ അപേക്ഷിച്ചിട്ടുള്ള സർക്കാർ ജീവനക്കാരുടെ പുനഃനിയമനത്തിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളാണ് ബാധകം. അത് പ്രകാരം ടി ജീവനക്കാർ സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലയളവ് യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും

പരിഗണിക്കാത്തതും, ആയത് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം സർവ്വീസ് ബ്രേക്കായി കണക്കാക്കുന്നതുമാണ്. ആയതിനാൽ, ശ്രീ.പ്രദീപ്.എ.വി.,യ്ക്ക്, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, കെ.എസ് & എസ്.എസ്.ആർ ചട്ടം 8 പ്രകാരം മാതൃവകുപ്പിൽ പുന:നിയമനം നൽകിയ പരാമർശം (2) - ലെ ഉത്തരവ് റദ്ദ് ചെയ്ത്, ടിയാന് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പുനഃനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. യൂണിവേഴ്സിറ്റി സർവീസിൽ നിന്നും കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്ക് പുനഃനിയമനം ലഭിച്ച ടിയാന്റെ ശമ്പളം പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(ii) - ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള,കോട്ടയം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (19.01.2024 - ലെ ADV-B3/18/2024/P&ARD നമ്പർ കുറിപ്പ് പ്രകാരം)

ധനകാര്യ വകുപ്പ് (05.04.2024 - ലെ 2681245/EDN-C4/45/2024-FIn നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/201/2023-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 23-04-2024 14:42:01

സെക്ഷൻ ഓഫീസർ